# ആത്മഹത്യ ചെയ്യരുതേ

ഫാ. ബിജു പി തോമസ്

ആത്മഹത്യ ചെയ്യുന്നവരുടെ സംഖ്യ വർദ്ധിച്ചുവരുന്ന കാഴ്ചയും കേൾവിയും ഹൃദയഭേദകം ആകുന്നു. ജീവിതയാത്രയുടെ പ്രാരംഭത്തിൽ തന്നെ നിരാശിതരായി ആത്മഹത്യ ചെയ്യുന്നവർ ചെറുപ്പക്കാരാകുന്നതു വേദനാജനകം തന്നെ. ചെറുപ്പക്കാർ മാത്രമല്ല മരണകവാടത്തിലൂടെ ഭൗതീക ജീവിതത്തിന്റെ പരിപൂർത്തീകരണത്തിനായി ഏതാനും ചുവടുകൾ മാത്രം അവശേഷിച്ചിരിക്കെ ആത്മഹത്യ ചെയ്യുന്ന പ്രായം ചെന്നവരും ഉണ്ട്. എന്തിനീ മനോഹര പുഷ്പമാം ജീവിതം സ്വയം പിച്ചിച്ചീന്തി വികൃതമാക്കുന്നു? ഉത്തരം കിട്ടാത്ത ഒരു ചോദ്യം ആയി അവശേഷിക്കുന്നു.

സ്വയം മരിക്കുവാനുള്ള സ്വാതന്ത്ര്യം മനുഷ്യന്റെ അവകാശം ആക്കുന്നതിനുള്ള പരിശ്രമങ്ങളും നടക്കുന്നു. മനുഷ്യന്റെ ജീവൻ ദൈവത്തിന്റെ ദാനം എന്നും ജീവന്റെ ഉടമസ്ഥൻ ദൈവംതന്നെ എന്നും ഒട്ടുമിക്ക മതങ്ങളും ഉപദേശിക്കുന്നു. മനുഷ്യ ശരീരത്തിന്റെ അതിജീവനത്തിനു ആവശ്യമായത് എല്ലാം ദൈവം മനുഷ്യനു നല്കിയിട്ടുണ്ട്. എന്നാൽ സ്വയം മരിക്കുന്നതിനുള്ള ക്രമീകരണം ശരീരത്തിൽ കാണുന്നില്ല. അങ്ങനെയായിരുന്നെങ്കിൽ സർവേശ്വരൻ ഒരു power off ബട്ടൺ നല്കുമായിരുന്നു എന്ന നിരീക്ഷണംപ്രസക്തമായിരിക്കുന്നു.

ചില പഠനങ്ങൾ പറയുന്നത്, 'എനിക്കുമരിക്കണം' 'അല്ലെങ്കിൽ ഞാൻ മരിക്കാൻ പോകുകയാണ്' എന്ന് ഒരിക്കലെങ്കിലും പറയാത്തവർ ഇല്ലെന്നാണ്. ആത്മഹത്യയെ സംബന്ധിച്ച് സപ്തപരാമർശനങ്ങൾ വി. വേദപുസ്തകത്തിൽ കാണുന്നത് ധീഷണയിൽ ആകാംക്ഷ ഉളവാക്കുന്നു. ഏറ്റവും രസകരമായ ഒരു വിവരണനം ക്രിസ്തു ആത്മഹത്യ ചെയ്യും എന്ന ഊഹാപോഹം ജനക്കൂട്ടത്തിൽ പരന്ന സാഹചര്യം ആണ്. ഒരു പ്രത്യേക സാഹചര്യത്തിൽ ക്രിസ്തുപറഞ്ഞ കാര്യങ്ങൾ തെറ്റിദ്ധരിച്ച് ജനക്കൂട്ടത്തിൽ ചിലർ അദ്ദേഹം ആത്മഹത്യ ചെയ്യുവാൻ പോകുകയാണ് എന്ന് ചർച്ച ചെയ്തു. 'പക്ഷെ തന്നത്താൻ (യേശു) കൊല്ലുമോ' എന്നു യെഹൂദന്മാർ ചോദിച്ചു (യോഹന്നാൻ 8:22).

ചേതൻ ഭഗത് അതിപ്രശസ്തനായ ഒരു എഴുത്തുകാരനാണ്. ഭാരത യുവതലമുറയുടെ ആവേശമാണ്.യുവാക്കളെ ലക്ഷ്യമാക്കിയുള്ള പുസ്തകങ്ങളാണവയിൽ ഏറെയും. അദ്ദേഹം ഒരുഗ്രന്ഥത്തിൽ താൻ നടത്തിയ ആത്മഹത്യാസംരംഭം വിവരിക്കുന്നു. IIT മോഹം കൂടെ കൊണ്ടുനടന്ന ഒരു വിദ്യാർഥി ആയിരുന്നു. എന്നാൽ പത്താം ക്ലാസ്സ് അർദ്ധവാർഷിക പരീക്ഷയ്ക്ക് കെമിസ്ട്രി വിഷയത്തിനു മാർക്ക് കുറഞ്ഞത് IIT മോഹത്തിന്നു മങ്ങലേൽപിച്ചു. മോഹഭംഗംവർദ്ധിച്ചു മരിക്കുവാൻ തീരുമാനിച്ച് കടയിൽപോയി കോപ്പർ സൾഫൈഡ് വാങ്ങി മരിക്കുവാൻ വീട്ടിലേക്കുപോയി. വരുന്നവഴി അയൽവാസിയായ ആന്റിയെ കണ്ടു കോപ്പർ സൾഫൈറ്റിന്റെ പ്രവർത്തനം ചർച്ച ചെയ്തു. ഈ വിഷം വേദനാജനകമായ മരണം ആണ് നല്കുകയെന്നും ദീർഘസമയം മരണവെപ്രാളം ഉണ്ടാകും എന്ന് കേട്ടപ്പോൾ മരിക്കുന്നതിനുള്ള ആഗ്രഹം പകുതി ചോർന്നുപോയി. വീട്ടിലേക്കുള്ള പടികൾകയറി മുകളിലേക്ക് പോകുമ്പോൾ താഴെ പാർക്കിൽ ഒരു ബഹളം കേട്ട് നോക്കി. കുറെ കുട്ടികൾ ചേർന്ന്, ഭക്ഷണം തേടി അലഞ്ഞ ഒരു നായയെ കല്ലെറിഞ്ഞ് ഓടിക്കുന്ന കാഴ്ചയാണ്. നായ അവിടെനിന്നും ഓടിപോയി മറ്റുസ്ഥലങ്ങളിൽ ഭക്ഷണം തേടി അലഞ്ഞു. നിരാശിതനും വ്രണിതനും ആയ നായ കടയിലേക്ക് വിഷം വാങ്ങാൻ പോയില്ല എന്നതു ചിന്തിപ്പിച്ചു. വാങ്ങിയ വിഷം അവൻ നശിപ്പിച്ചു കളഞ്ഞു. നായയുടെ സഹനശക്തി വിസ്മയകരമായിരിക്കുന്നു. ചേതൻ ഭഗത് ആത്മഹത്യാശ്രം ഉപേക്ഷിച്ചു . ഇന്ന് ആഘോഷമായി ജീവിതം നയിക്കുന്നു. ആത്മഹത്യ ചെയ്തിരുന്നുവെങ്കിൽ വായനാസുഖം നൽകുന്ന എത്രയോ ഗ്രന്ഥങ്ങൾ നമുക്ക് ലഭിക്കില്ലായിരുന്നു.

വാസ്തവത്തിൽ ജീവിതം ഒരുപോരാട്ടം ആകുന്നു. അതിജീവനത്തിനായുള്ള പോരാട്ടം. മരണത്തെ പോലും പരാജയപ്പെടുത്തുന്ന പോരാട്ടം. അതാണ് ക്രിസ്തു പറഞ്ഞതിന്റെ അർത്ഥം. 'എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും.' പൌലൂസ് അപ്പോസ്തോലൻ ക്രിസ്തുവിലുള്ള വിശ്വാസത്തിന്റെ ബലത്താൽ മരണത്തെ വെല്ലുവിളിക്കുന്നത് വളരെ വികാരഭരിതമാക്കുന്നു. ഹേ! മരണമേ, നിന്റെ ജയമെവിടെ, 'ഹേ! മരണമേ നിന്റെ വിഷമുള്ള എവിടെ. നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തിരം ജയം നല്കുന്ന ദൈവത്തിനു സ്തോത്രം' (1 കോരിന്ത്യർ 15:55).

ആറുമാസം മുൻപ് പരിചയപ്പെട്ട ഒരു യുവാവിന്റെ പ്രതികരണം എന്നേപ്പോലെ പലരേയും അവേശഭരിതരാക്കി. ഇന്ത്യൻ സിവിൽസർവീസ് പ്രവേശന പരീക്ഷ മലയാള ഭാഷയിൽ എഴുതി അതിസാഹസികതയോടെ ഉന്നതവിജയം പ്രാപിച്ച യുവാവ് എന്റെ നല്ല സുഹൃത്തായി. ഒന്നും രണ്ടും തവണ മെഡിക്കലിൽ പരാജയപ്പെട്ട് തിരികെപോകുമ്പോൾ എനിക്കെഴുതി, 'I am a fighter'. I will fight till the end. With God I will over come all my odds and challenges. മൂന്നാം മെഡിക്കൽ പരിശോധനയിൽ അദ്ദേഹം വിജയിച്ചു എന്നത് ത്രസിപ്പിക്കുന്ന ഓർമ്മയായി അവശേഷിക്കുന്നു. അനേകം അഗ്നി പരിശോധനകളെ വിജയകരമായി നേരിട്ടു

ലക്ഷ്യത്തിലെത്തി വിജയക്കൊടിപാറിച്ച ആ യുവാവിന്റെ വിജയമന്ത്രം പരാജയങ്ങളിൽ പതറാതെ മുന്നേറുക എന്നാകുന്നു.

ജീവിതവിജയം തേടിയുള്ള യാത്രയിൽ സന്ധ്യകൾ കടന്നുവരുന്നു ഒപ്പം അതീവ തീവ്രമായ ശൈത്യവും കുറ്റാകൂരിരുട്ടും. പലരും നിരാശിതരായി യാത്ര അവസാനിപ്പിക്കുന്നു. പ്രഭാത സൂര്യൻ പൂർവ്വദിക്കിൽ ഉദിച്ചുയരാൻ ഏതാനും മണിക്കൂറുകൾ മാത്രം. നിർഭയം യാത്ര തുടരാം. ഇരുട്ട് കണ്ടപ്പോൾ ജീവിതം അവസാനിപ്പിക്കേണ്ട, ഇരുട്ടിനോട് പടപൊരുതിയാൽ മതി, പ്രകാശ ഭൂരിതമായ പ്രഭാതം നമുക്കായി കാത്തു നിൽക്കുന്നു. എപ്പോഴും ജീവിതത്തോട് ശുഭപ്രതീക്ഷയാണ് നല്ലത്.

ഒരുനിമിഷത്തെ മനസ്സിന്റെ ചാഞ്ചല്ല്യത്തിൽ സ്വയം മരണമെന്ന താഴെ തട്ടില്ലാത്ത ഗർത്തത്തിലേക്ക് എടുത്തുച്ചാടുന്ന മനുഷ്യർ മണ്ണെണ്ണ വിളക്കിന്റെ അരണ്ട വെളിച്ചത്തിലേക്കു സ്വയം പറന്നുവന്നു ആത്മാഹൂതി ചെയ്യുന്ന ഈയാംപാറ്റകളെപോലെ ആണ്.

സ്വന്തം ഗുരുവിനെ ഒറ്റികൊടുത്ത യൂദാസ് ഇസ്കാരിയോത്ത് കയറിൽ കെട്ടിഞാന്നു ചത്തു എന്ന് സുവിശേഷകൻ തേങ്ങുന്നു. വേദപുസ്തകത്തിലെ ഏറ്റവും കുപ്രസിദ്ധമായ ആത്മഹത്യയാണ് യൂദയുടേത്. ഗുരുവിന്റെ വേദനയിൽ പങ്കാളിയാകാതെ സ്വന്തം സുരക്ഷിതത്തിന്റെ ഒളിവിടം തേടിയ പത്രോസ് ശ്ലീഹയിലെ കുറ്റബോധവും നിരാശയും തുടർന്നുണ്ടായ മാനസാന്തരവും വിശുദ്ധിയുടെ പാതയിൽ ഒന്നാംപടിയായി.

ഇന്ന് പത്രോസ് 'പാറ'യുടെ ഉറപ്പുള്ള വിശുദ്ധനായി. പത്രോസ് എന്നതിന് ഗ്രീക്കിൽ 'പെട്രോസ്' എന്നാണ്, അർത്ഥം പാറ എന്നു തന്നെ. പാറയുടെ ഉറപ്പിനെപ്പറ്റി നമുക്കു സംശയമില്ല. ഉറപ്പില്ലാത്ത സ്ഥലത്തെ ഉറപ്പിക്കുവാൻ ഉപയോഗിക്കുന്നത് പാറയാണ്. ചഞ്ചലനായ ശീമോനിൽ നിന്നും പാറയായ പത്രോസാകുവാൻ ഒരുപാട് കഠിന യാതന ഏറ്റു. ഏൽക്കാതെ പാറയാകില്ല.

മാലിന്യത്തിൽ വീണുരുണ്ടതിന് ശാസനപേടിച്ചു വീട്ടിൽ തിരികെ കയറുവാൻ മടിച്ചിരുന്ന ശിശുവിന് അമ്മയുടെ വാത്സല്ല്യമടിത്തട്ട് എത്രയോ തവണ ആശ്വാസ വേദിയായി. ജീവിതം മടുത്ത് വീടുവിട്ടുപുറപ്പെട്ടു പോകുവാൻ പുറത്തേക്കിറങ്ങിയ കുട്ടിയെ എത്രയോ തവണ അമ്മയുടെ അല്ലെങ്കിൽ മുത്തശ്ശിയുടെ പുഞ്ചിരിക്കുന്ന മുഖം തിരികെ കുടുംബ വീടിന്റെ ഉമ്മറത്തേക്ക് കൂട്ടികൊണ്ട് വന്നിരിക്കുന്നു. ആശ്വാസ മടിത്തട്ടുകളും പുഞ്ചിരിക്കുന്ന വാൽസല്ല്യ മുഖങ്ങളും ഇന്നെവിടെ. എല്ലാം വാടികരിഞ്ഞുപോയിരിക്കുന്നു. പലർക്കും ജീവിക്കുന്നതിനുള്ള വാഞ്ച നഷ്ടപ്പെട്ടിരിക്കുന്നു. ഇത്തരം ഇല്ലായ്മകൾ മനുഷ്യന് മരണം ഒരു അവസാന രക്ഷാകവാടമായി മാറിപ്പോകുന്നു.

ആത്മഹത്യ ചെയ്യുന്നതിന് മുമ്പ് അവസാന പ്രാർത്ഥനയ്ക്കായി ഒരു യുവാവ് പള്ളിയിൽ എത്തി. കിഴക്കേ ഭിത്തിയിൽ തൂങ്ങികിടക്കുന്ന ക്രൂശിതരൂപം എന്തോ തന്നോട് പറയുന്നു. ക്രൂശിൽ വ്രണിതനായി കിടക്കുന്ന ക്രിസ്തുപറഞ്ഞു മനുഷ്യജീവിതത്തിൽ കഷ്ടതയുണ്ട്. അവസാനം വരെ എന്നേപ്പോലെ സഹിക്കണം. അയാൾ ശരീരത്തിൽ ഒളിപ്പിച്ചു വച്ചിരുന്ന കയർ ദേവാലയത്തിന്റെ മതിൽക്കെട്ടിന്റെ ഭാഗത്തേക്ക് എറിഞ്ഞു. വീട്ടിലേക്കു നടന്നു.

ക്രിസ്തുവിനോളം കഷ്ടത നേരിട്ടവർ ആരുണ്ട്. മനുഷ്യജീവിതത്തിൽ ക്രിസ്തുവിന്റെ പ്രശസ്തി അതാണ്.

മരണത്തിനും ജീവിതത്തിനും ഇടയിൽ ആറ് ദിനരാത്രങ്ങൾ. തന്നിൽ ജീവന്റെ അംശം അവശേഷിക്കുന്നു എന്ന് ഉള്ളിൽ അറിഞ്ഞ നിമിഷത്തെ 16 വയസ്സുകാരി മലാല തന്റെ ആത്മകഥയിൽ ഇങ്ങനെ കുറിച്ചിട്ടു, "thank God I am not dead". ജീവിച്ചു പ്രവർത്തിക്കുവാനുള്ള ആഗ്രഹം ആ വാക്കുകളിൽ കാണാം. ഒപ്പം ജീവന്റെ ഉടമസ്ഥനോട് നന്ദിയും. തകർച്ചകളിൽ നിന്നും കുതിച്ചുയരാനുള്ള ശക്തി നിക്ഷേപിച്ചിരിക്കുന്ന, സിരകളിൽ ആവേശം പരത്തുന്ന ഇത്തരം അനുഭവസാക്ഷ്യങ്ങൾ മനുഷ്യനെ അത്മഹത്യയുടെ കുരുക്കിൽ നിന്നും വിമോചിപ്പിക്കുവാൻ പര്യാപ്തമാകുന്നു.